'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ സഞ്ചരിക്കുന്ന ക്യാൻസർ നിർണ്ണയ യൂണിറ്റ് പദ്ധതിക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.2399/2019/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 29/10/2019

---

പരാമർശം:- 1 ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.08.2019ലെ പി.എൽ 4463-1/17 നമ്പർ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 26.09.2019ലെ യോഗതീരുമാനം നം. 4.29

## ഉത്തരവ്

ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ സാമ്പത്തിക പ്രയാസമനുഭവിക്കുന്ന ക്യാൻസർ ബാധിതരായവരെ കണ്ടെത്തി രോഗാരംഭത്തിൽതന്നെ ചികിത്സ നിർദ്ദേശിക്കുന്നതിനായി 2019-20 വാർഷിക പദ്ധതിയിൽ ജില്ലാ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 34 ലക്ഷം രൂപ അടങ്കൽ തുകയിൽ പ്ലാൻ ജനറൽ ഫണ്ട് വകയിരുത്തി സഞ്ചരിക്കുന്ന ക്യാൻസർ നിർണ്ണയ യൂണിറ്റ് (പ്രോ. നം 76/20)ആരംഭിക്കുന്നതിന് അനുവാദം നൽകണമെന്ന് പരാമർശം 1ലെ കത്ത് പ്രകാരം ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

2. ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം 2ലെ തീരുമാനപ്രകാരം 2016-17 മുതൽ നടപ്പാക്കുന്ന ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകണമെന്ന നിബന്ധനയോടെ 2019-20 വർഷത്തെ ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ 2019-20 വർഷിക പദ്ധതിയിൽ ഉൾപ്പെട്ട സഞ്ചരിക്കുന്ന ക്യാൻസർ നിർണ്ണയ യൂണിറ്റ് പദ്ധതിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പകർപ്പ്

പ്രസിഡന്റ്/ സെക്രട്ടറി, ആലപ്പുഴ ജില്ലാ പഞ്ചായത്ത്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ

ജില്ലാ മെഡിക്കൽ ഓഫീസർ, ആലപ്പുഴ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്/ എ&ഇ) തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ